"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് -ഉൾനാടൻ മത്സ്യബന്ധനം - നേഴ്സറികൾ സ്ഥാപിക്കൽ പദ്ധതി - സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച തുക അനുവദിക്കുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.504/2019/മ.ഉ.വ** തീയതി,തിരുവനന്തപുരം, 06/07/2019

---

പരാമർശം:- 1 സ.ഉ.(സാധാ)നം.409/2016/മതുവ തീയതി 19/07/2016

2 09.05.2019തീയതിയിലെ സി2/9023/18നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ ഫിഷ് സീഡ് ഫാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി യഥാക്രമം 1,88,45,000/- രൂപ, 2,88,45,000/- എന്നീ തുകകളുടെ ഭരണാനുമതി പരാമർശം (1) പ്രകാരം നൽകിയിരുന്നു. പ്രസ്തുത തുകകൾ 4405-00-101-95-34 ഒസി (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും മലമ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിച്ച് നൽകിയെന്നും, മീങ്കര, ചുള്ളിയാർ ഫാമുകളിലെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകുന്നതിനായി അനുവദിക്കപ്പെട്ട തുകയുടെ ബാക്കി തുക ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ പാലക്കാട് ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിൽ മാറ്റി നിക്ഷേപിച്ചിരുന്നുവെന്നും, ടി തുകയിൽ 1,43,42,052/- രൂപ സർക്കാർ പിൻവലിക്കുകയുണ്ടായിയെന്നും, ഇതിൽ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകാനായി നീക്കി വച്ചിരുന്ന 1,38,71,236/- രൂപ ഉൾപ്പെടുന്നുണ്ടെന്നും, ആയതിനാൽ മീങ്കര, ചുള്ളിയാർ ഫാമുകളിലെ പുനരുദ്ധാരണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ജില്ലാ നിർമ്മിതി കേന്ദ്രയ്ക്ക് നൽകുന്നതിനായി സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച 1,38,71,236/- രൂപ, 2019-20 വർഷത്തിൽ 4405-00-101-95-34 ഒസി(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും മലമ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലമ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ-ന്റെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച 1,38,71,236/- രൂപ (ഒരു കോടി മുപ്പത്തിയെട്ട് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി ഇരുന്നൂറ്റി മുപ്പത്തി ആറ് രൂപ മാത്രം) 2019-20 വർഷത്തിൽ 4405-00-101-95-34 ഒസി(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും മലമ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിക്കുന്നതിനുള്ള അനുമതി ഫിഷറീസ് ഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ജോയിന്റ് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ